**06-12-2014**

<u>പക്ഷിപ്പനി രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള 06-12-2014 ലെ റിപ്പോർട്ട്</u>

- ആലപ്പുഴ ജില്ലയിൽ 20929 വീടുകൾ സന്ദർശിച്ച് 76509 ജനങ്ങളെ നിരീക്ഷണവിധേയരാക്കി. ഇതിൽ 229 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടതിനെ തുടർന്ന് ചികിത്സാ നടപടികൾ കൈക്കൊണ്ടു. ഇവരിലാർക്കും തന്നെ പക്ഷിപ്പനി ലക്ഷണങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ല.
- കോട്ടയം ജില്ലയിൽ 2855 വീടുകൾ സന്ദർശിച്ചു. 11519 ജനങ്ങളെ നിരീക്ഷണ വിധേയരാക്കി. ഇവരിൽ ആർക്കും തന്നെ പനിയുടെ ലക്ഷണം ഇല്ല.
- പത്തനംതിട്ട ജില്ലയിൽ 2203 വീടുകൾ സന്ദർശിച്ചു 8142 ജനങ്ങളെ നിരീക്ഷിക്കുകയും ഇവരിൽ 10 പേർക്ക് ലഘുവായി പനി ലക്ഷണം കണ്ടെത്തുകയും ചെയ്തു. എന്നാലാർക്കും തന്നെ പക്ഷിപ്പനി ഉള്ളതായി കണ്ടെത്തിയിട്ടില്ല.
- ഇന്നേദിവസം എല്ലാ ജില്ലകളിലും കൂടി ആരോഗ്യവകുപ്പ് ടീമുകൾ 25987 വീടുകൾ സന്ദർശിച്ചു 96170 പേരെ നിരീക്ഷിക്കുകയും ചെയ്തു. ഇതിൽ 239 പേർക്ക് പനിയുടെ ലക്ഷണം കണ്ടിരുന്നു. പക്ഷെ ആർക്കും തന്നെ പക്ഷിപ്പനിയുടെ ലക്ഷണം കണ്ടെത്തിയില്ല.
- വിവിധ ജില്ലകളിലെ ആരോഗ്യവകുപ്പ് ടീമുകൾ പക്ഷിപ്പനിയുടെ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയ ദിവസം മുതൽ ഇന്നുവരെ 252928 വീടുകൾ സന്ദർശിക്കുകയും 926147 ജനങ്ങളെ നിരീക്ഷണ വിധേയരാക്കുകയും ചെയ്തു. ഇവരിൽ 2791 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടെത്തിയിരുന്നു. ഇതുവരെ ആരിലും തന്നെ പക്ഷിപ്പനി ഉള്ളതായി സ്ഥിരീകരിച്ചിട്ടില്ല.

(ഒപ്പ്/-)

**അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് (പൊതുജനാരോഗ്യം)**